# പുതുവായന
# പുതുചിന്ത



എഡിറ്റർ - ഡോ.എസ്.ജയൻ

Malayalam Language
**Puthu vayana**
**Puthu chintha**
Study

Edited
Dr. S. Jayan
Right Reserved

Publishers Address :
N.Narayananunni Public Library
Nedumoncavu Post
Kollam (Dist), Kerala-691509

Printing :
Nisha Offset Press, Nedumoncavu .
Cover Design :
R.K.Graphics

First Published : july 2021
ISBN : 978-81-951841-4-9

© N.Narayananunni Public Library

No Parts of this Publication may be transmitted in any form or by any means, without prior written permission of the editor.

# ഉള്ളടക്കം


പുതുകവിതയിൽ അലയുന്ന നിഴൽരൂപങ്ങൾ 7

*ഡോ. എം. എസ്. സുചിത്ര*

മലയാള കവിതയിൽ പൊളിച്ചെഴുതപ്പെടുന്ന പെണ്ണിടങ്ങൾ 12

*ഡോ. സ്മിതാ പ്രകാശ്*

സാമൂഹിക പ്രതിഫലനം സന്തോഷ്
എച്ചിക്കാനത്തിന്റെ കഥകളിൽ 28

*രേഖ എസ്.*

മുല്ലപ്പൂനിറമുള്ള പകലുകളിലെ
ജ്ഞാനപരിസരവും ഇടപെടലുകളും 36

*ലിജു ടി. വർഗ്ഗീസ്*

തീവണ്ടിയാത്ര ഒരു ചരിത്രരേഖ 52

*ഡോ.. എസ് ജയൻ*

മാധ്യമ സംസ്കാരം സമകാലിക മലയാള ചെറുകഥയിൽ 62

*ആര്യാ രാജ് ആർ.*

മൃതിയുടെ സമവാക്യങ്ങൾ സുഭാഷ് ചന്ദ്രന്റെ കഥകളിൽ 68

*അശ്വനി മോഹൻ പി.*

പെൺമയുടെ ആത്മഭാഷണങ്ങൾ
വി.എം. ഗിരിജയുടെ കവിതകളിൽ 74

*ദിവ്യ എൽ.*

സ്വവർഗ്ഗാനുരാഗത്തിന്റെ തലങ്ങൾ ആസിഡ് എന്ന നോവലിൽ79

*രശ്മി കെ.*

പ്രതിനായകത്വത്തിന്റെ ദൈവീകത 87

*സരിത എസ്. എൽ*

അംബികാസുതൻ മാങ്ങാടിന്റെ കഥകളിലെ ടെലികോം 94

*ഷൈനി പി.*

വള്ളുവനാടൻ ജനസംസ്കാരം എം.ടി. തിരക്കഥകളിൽ 103

*തിങ്കൾ യു. എസ്*

ഉത്തരാധുനികതയും അതീത യാഥാർത്ഥ്യവും 114

*എസ്. ആർ. ഹരിത*

# സാമൂഹികപ്രതിഫലനം സന്തോഷ് ഏച്ചിക്കാനത്തിന്റെ കഥകളിൽ

രേഖ എസ്.

ചെറുകഥയിലൂടെ ജീവിതത്തിന്റെ ക്ലേശഭൂഖണ്ഡത്തെ, മരണത്തെ, ഭാഷയെ, ശരീരത്തെ മാത്രമല്ല മലയാളത്തിൽ ഇതുവരെ എഴുതപ്പെട്ട കഥകളുടെ വ്യവസ്ഥാപിതമായ ആഖ്യാനരീതിയെ അതിജീവിച്ച് സാമൂഹിക കാഴ്ചപ്പാടുകൾ ആവിഷ്കരിക്കാൻ ശ്രമിച്ച എഴുത്തുകാരനാണ് സന്തോഷ് ഏച്ചിക്കാനം. ഈ അതിജീവന ആഖ്യാനമാണ് ഏച്ചിക്കാനത്തിന്റെ കഥകളെ ഉത്തരാധുനിക കഥകളുടെ അടയാളവാക്യമാക്കിത്തീർത്തത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ ആധുനിക പാരമ്പര്യത്തിന്റെ കാന്തികമണ്ഡലത്തിനു പുറത്തു രൂപപ്പെട്ടുവന്ന നവചെറുകഥാഭാവുക്ത്വത്തിന്റെ ഉടലും ഉയിരുമാണ് ഏച്ചിക്കാനത്തിന്റെ കഥകൾ എന്നു പറയാവുന്നതാണ്.

മലയാള ചെറുകഥാസാഹിത്യത്തിൽ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്ന ആഖ്യാനരീതികളെ അതിജീവിച്ചുകൊണ്ട് സാമൂഹിക വിഷയങ്ങൾ കൈകാര്യം ചെയ്യാനാണ് ഏച്ചിക്കാനം തന്റെ കഥകളിലൂടെ ശ്രമിക്കുന്നത്. പ്രണയം പോലുള്ള ലോലവികാരങ്ങൾ ആ കഥയിൽ നിന്നും അകന്നു നിൽക്കുന്നു. സാധാരണക്കാരന്റെ സങ്കടങ്ങൾ ആവിഷ്കരിക്കുന്നതിനാണ് അദ്ദേഹത്തിന് കൂടുതൽ താൽപര്യം. സമകാലിക ജീവിതസമസ്യകൾ എല്ലാ പാരവശ്യത്തോടും കൂടി അദ്ദേഹത്തിന്റെ കഥകളിൽ പ്രത്യക്ഷപ്പെടുന്നു.

പരമ്പരാഗതമായ ഗ്രാമീണ ജീവിതത്തിൽ നിന്നും യന്ത്രവത്കൃത സമൂഹത്തിലേക്കുള്ള മനുഷ്യന്റെ പരിവർത്തനത്തിൽ യുവാക്കൾക്കുണ്ടായ അന്യവത്കരണബോധവും സ്വത്വനഷ്ടവുമാണ് ആധുനിക കഥാസാഹിത്യത്തിലെ മുഖ്യകഥാവിഷയങ്ങൾ. ആ കഥകളിലെ നായകന്മാരെല്ലാം തന്നെ ക്രമരഹിതമായ ലോകത്ത് യാഥാർത്ഥ്യത്തിനു വേണ്ടി അലയുന്നവരാണ്. ഇത്തരം അസ്ഥിത്വവ്യഥകളാണ് ഉത്തരാധുനിക കഥാകൃത്തുക്കൾ തങ്ങളുടെ സാഹിത്യഭാവനയിൽ ആവിഷ്കരിക്കാൻ ശ്രമിച്ചത്. ഈ അതിജീവനമാർഗ്ഗം അതിന്റെ ഉച്ചകോടിയിൽ തന്റെ കഥകളിൽ ആവിഷ്കരിക്കാൻ ശ്രമിച്ച എഴുത്തുകാരനാണ് സന്തോഷ് ഏച്ചിക്കാനം. കഴിഞ്ഞ നൂറ്റാണ്ടിന്റെ